കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിന്റെ ചുമതലയുള്ള താഴെപ്പറയുന്ന സ്റ്റേഡിയങ്ങളിലും നീന്തൽക്കുളത്തിലും കായിക താരങ്ങൾക്ക് പരിശീലനം നൽകി വരുന്നു:

1. ഇൻഡോർ സ്റ്റേഡിയം മുണ്ടയാട്, കണ്ണൂർ
2. ഡോ. അംബേദ്കർ നീന്തൽക്കുളം പിരപ്പൻകോട്, തിരുവനന്തപുരം.
3. വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്.
4. ഹോക്കി സ്റ്റേഡിയം, ആലപ്പുഴ.

മൂവിംഗ് തിയേറ്റർ

230 (3337) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമങ്ങളിൽ മിനിതിയേറ്റർ സ്ഥാപിക്കുന്നതിനും മൂവിംഗ് തിയേറ്റർ എന്ന ആശയം നടപ്പാക്കുന്നതിനും ചലച്ചിത്ര വികസന കോർപ്പറേഷൻ വഴിയോ ചലച്ചിത്ര അക്കാദമി വഴിയോ നീക്കം നടത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്നും, പദ്ധതിയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

ഉത്തരം

തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി പാട്ടത്തിന് നൽകുന്ന പ്രദേശങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി. ആവിഷ്കരിച്ചിട്ടുണ്ട്. നല്ല സിനിമകൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ചലച്ചിത്ര അക്കാദമി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ടൂറിംഗ് ടാക്കീസ് എന്ന സഞ്ചരിക്കുന്ന ചലച്ചിത്ര പ്രദർശനങ്ങൾ. ഗ്രാമങ്ങളിലെ ജനങ്ങൾക്ക് നല്ല സിനിമകളെ പരിചയപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. ഇതിനായി കേരളത്തിലെ വിവിധ ഫിലിം സൊസൈറ്റികൾ, വിവിധ കലാ സാംസ്കാരിക സംഘടനകൾ, സ്കൂൾ-കോളേജ് ഫിലിം ക്ലബ്ബുകൾ എന്നിവരുടെ സഹകരണത്തോടെ സിനിമാ പ്രദർശനം നടത്തിവരുന്നു. കൂടാതെ അക്കാദമി സംഘടിപ്പിക്കുന്ന ചലച്ചിത്രമേളയുമായി ബന്ധപ്പെട്ട് കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ ഒരു മാസത്തോളം നീണ്ടുനിൽക്കുന്ന സിനിമാപ്രദർശനവും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly